അനുവദിച്ചതുപോലെ ആർട്ട്സ് ആന്റ് സയൻസ് കോളേജുകളിലെ ബിരുദ, ബിരുദാനന്തര കോഴ്സുകൾക്കും മെഡിക്കൽ, എഞ്ചിനീയറിംഗ് ഉൾപ്പെടെയുള്ള പോസ്റ്റ് ഗ്രാജുവേറ്റ് കോഴ്സുകൾക്കും ആംഗ്ലോ ഇന്ത്യൻ സമുദായത്തിന് സംവരണം അനുവദിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ;

(ബി) ഇതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) 23-5-2014-ലെ സ.ഉ.(കൈ) നമ്പർ 10/2014/പി.സ.വി.വ. ഉത്തരവുപ്രകാരമാണ് ആംഗ്ലോ ഇന്ത്യൻ വിഭാഗത്തിന് ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി, പ്രൊഫഷണൽ കോഴ്സുകളിലെ പ്രവേശനത്തിന് ലാറ്റിൻ കാത്തോലിക്ക വിഭാഗത്തിനോടൊപ്പം 3% സംവരണം അനുവദിച്ചിട്ടുള്ളത്. ഗവൺമെന്റ് കോളജുകളിലെ ബിരുദ-ബിരുദാനന്തര കോഴ്സുകളിൽ എസ്.ഇ.ബി.സി. സംവരണം ബാധകമാക്കിയത് 2-2-2006-ലെ സ.ഉ.(പി) നമ്പർ 08/2006/പ.ജ.പ.വ.വി.വ, 27-2-2006-ലെ സ.ഉ.(കൈ) നമ്പർ 37/2006/ഉ.വി.വ. എന്നീ ഉത്തരവുകൾ പ്രകാരമാണ്. ആയതിൽ ആംഗ്ലോ ഇന്ത്യൻ സമുദായം ഉൾപ്പെട്ടിട്ടില്ല. ആർട്സ് & സയൻസ് കോഴ്സുകളിലെയും മെഡിക്കൽ പോസ്റ്റ് ഗ്രാജുവേറ്റ് കോഴ്സുകളിലെയും പ്രവേശനത്തിന് ലാറ്റിൻ കാത്തലിക് സമുദായത്തിനൊപ്പം ആംഗ്ലോ ഇന്ത്യൻ വിഭാഗത്തെ ഉൾപ്പെടുത്തി സംവരണം നൽകുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

## നിയമ പരിഷ്കരണ കമ്മീഷൻ ശിപാർശ ചെയ്ത കാലഹരണപ്പെട്ട നിയമങ്ങൾ

70 (6143) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലഹരണപ്പെട്ട നിയമങ്ങൾ റദ്ദാക്കുന്നതിനും നിയമം പരിഷ്കരിക്കുന്നതിനും അഞ്ച് വർഷ കാര്യപരിപാടി നിയമ വകുപ്പ് തയ്യാറാക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ ;

(ബി) കാലഹരണപ്പെട്ട എത്ര നിയമങ്ങൾ റദ്ദാക്കണമെന്നാണ് നിയമ പരിഷ്കരണ കമ്മീഷൻ ശിപാർശ ചെയ്തതെന്ന് അറിയിക്കുമോ; അതിൽ എത്ര

LIBRARY ARCHIVES Kerala Legislative Assembly

നിയമങ്ങൾ ഇതിനകം റദ്ദാക്കിയെന്ന് അറിയിക്കുമോ?

(സി) നിയമപരിഷ്കരണ കമ്മീഷൻ ശിപാർശ ചെയ്ത എത്ര നിയമങ്ങൾ ഈ സർക്കാർ കാലയളവിൽ നിയമമാക്കിയെന്നും അവ ഏതൊക്കെയാണെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കേരളത്തിൽ നിലവിലുള്ള നിയമങ്ങൾ പരിശോധിച്ച് കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നതിനും, കാലഹരണപ്പെട്ടവ ഉണ്ടെങ്കിൽ ആയവ ഒഴിവാക്കുന്നതിനും പുതുതായി നിയമങ്ങൾ രൂപീകരിക്കേണ്ടതുണ്ടെങ്കിൽ അത് സംബന്ധിച്ചുമുള്ള പഠനം നടത്തി ശിപാർശകൾ സമർപ്പിക്കുന്നതിനുമായി സർക്കാർ 9-3-2017-ലെ സ.ഉ.(എം.എസ്.) നമ്പർ 45/20174/നിയമം, പ്രകാരം ബഹുമാനപ്പെട്ട ജസ്റ്റിസ് (റിട്ട) കെ.റ്റി.തോമസ് ചെയർമാനായി കേരള നിയമ പരിഷ്കരണ കമ്മീഷൻ രൂപീകരിച്ചിട്ടുള്ളതാണ്.

കേരള നിയമ പരിഷ്കരണ കമ്മീഷൻ നാളിതുവരെ 6 റിപ്പോർട്ടുകളിലായി 12 ശിപാർശകൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

<u>കമ്മീഷൻ സർക്കാരിന് സമർപ്പിച്ച ബില്ലുകൾ</u>

1. THE KERALA VAXATIOUS LITIGATION (PREVENTION) BILL, 2018
2. THE KERALA KHADI AND VILLAGE INDUSTRIES BOARD (AMENDMENT) BILL, 2018
3. THE KERALA NURSES AND MIDWIVES (AMENDMENT) BILL, 2018
4. THE TRAVANCORE COCHIN PUBLIC HEALTH (AMENDMENT) BILL, 2018
5. THE KERALA PREVENTION AND ERADICATION OF INHUMAN EVIL PRACTICES, SORCERY AND BLACK MAGIC BILL, 2019
6. THE KERALA REGULATION OF PROCEDURE FOR PREVENTING PERSON TO PERSON TRANSMISSION OF INFECTIOUS ORGANISMS BILL, 2019

LIBRARY ARCHIVES Kerala Legislative Assembly

7. THE KERALA EMERGENCY MEDICAL CARE AND PROTECTION OF GOOD SAMARITANS BILL, 2019

8. THE PREVETION OF DAMAGE TO PUBLIC PROPERTY (KERALA AMENDMENT) BILL, 2019

നിലവിലെ ചട്ടങ്ങളിൽ ഭേദഗതിക്കുള്ള ശിപാർശകൾ

1. KERALA PLACES OF PUBLIC RESORT (AMENDMENT) RULES, 2018

2. KERALA HABITUAL OFFENDERS (AMENDMENT) RULES, 2018

3. KERALA FISHERMEN WELFARE SOCIETIES (DETERMINATION OF STRENGTH OF COMMITTEES AND CONDUCT OF ELECTION) RULES, 1980

4. KERALA DOCUMENT WRITERS LICENCE (AMENDMENT) RULES, 2018

(ബി) നിലവിലെ നിയമപരിഷ്കരണ കമ്മീഷൻ കാലഹരണപ്പെട്ട നിയമങ്ങൾ റദ്ദ് ചെയ്യണമെന്ന് സർക്കാരിന് ശിപാർശയൊന്നും സമർപ്പിച്ചിട്ടില്ല.

(സി) കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ ബില്ലുകളൊന്നും ഇതുവരെ നിയമമാക്കിയിട്ടില്ല.

### പൗരാവകാശ സംരക്ഷണ നിയമം

71 (6144) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൗരാവകാശ സംരക്ഷണ നിയമം പാസ്സാക്കുമെന്ന പ്രകടനപത്രികയിലെ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) ഗാർഹിക തൊഴിലാളികളുടെ അവകാശങ്ങളും സാമൂഹിക സുരക്ഷിതത്വവും ഉറപ്പുവരുത്തുവാൻ സമഗ്ര നിയമം കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly